കേരള സാഹിത്യ അക്കാദമി

# ദേശീയ പുസ്തകോത്സവം 2017
# കലാസാഹിത്യമത്സരങ്ങൾ

## മത്സരങ്ങളുടെ തീയതിയും സമയവും

**കാവ്യകേളിമത്സരം** (ഏപ്രിൽ 2 ഞായർ 10 മണി)

**ചിത്രരചനാമത്സരം** (ഏപ്രിൽ 2 ഞായർ 2 മണി)

**ലളിതഗാനമത്സരം** (ഏപ്രിൽ 3 തിങ്കൾ 10 മണി)

**കവിതാലാപനമത്സരം** (ഏപ്രിൽ 4 ചൊവ്വ 10 മണി)

**പ്രസംഗമത്സരം** (ഏപ്രിൽ 5 ബുധൻ 10 മണി)

**സാഹിത്യക്വിസ്** (ഏപ്രിൽ 6 വ്യാഴം 10 മണി)

**പകർന്നാട്ടം** (ഏപ്രിൽ 7 വെള്ളി 10 മണി)

**പകർന്നാട്ടം** (ഏപ്രിൽ 8 ശനി 10 മണി)

**അക്ഷരശ്ലോകക്കളരി** (ഏപ്രിൽ 9 ഞായർ 10 മണി)

**പൊതുജനപ്രശ്നോത്തരി** (ഏപ്രിൽ 9 ഞായർ 2 മണി)

കേരള സാഹിത്യ അക്കാദമി

# ദേശീയ പുസ്തകോത്സവം 2017

# കലാസാഹിത്യമത്സരങ്ങൾ

2017 ഏപ്രിൽ 1 മുതൽ 10 വരെ കേരള സാഹിത്യ അക്കാദമി തൃശൂരിൽ അക്കാദമി അങ്കണത്തിൽ സംഘടിപ്പിക്കുന്ന ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി സംസ്ഥാനതലത്തിൽ വിവിധ കലാസാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുന്നു. റഗുലർ-പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. കവിതാലാപനം, കാവ്യകേളി, പ്രസംഗമത്സരം, ലളിതഗാനം, സാഹിത്യക്വിസ്, 'പകർന്നാട്ടം', ചിത്രരചന എന്നീ ഇനങ്ങളിലായിരിക്കും മത്സരം.

സാഹിത്യക്വിസ്സിൽ (കോളേജ് തലം മാത്രം) രണ്ടുപേരടങ്ങുന്ന ടീമിനാണ് പ്രവേശനം. പ്രസംഗമത്സരത്തിലും കവിതാലാപനത്തിലും ലളിതഗാനത്തിലും എട്ടു മുതൽ പ്ലസ് ടു വരെയും (സ്കൂൾതലം) ഡിഗ്രി മുതലുള്ള പ്രൊഫഷണൽ വിദ്യാർത്ഥികൾക്കും (കോളേജ്തലം) രണ്ടു വിഭാഗങ്ങളിലായി പങ്കെടുക്കാം. നഴ്സറി വിദ്യാർത്ഥികൾ, എൽ.പി.(9 വയസ്സുവരെ), യു.പി.(10 മുതൽ 12 വരെ), ഹൈസ്കൂൾ(13-15), ഹയർ സെക്കണ്ടറി (16-17)തലങ്ങളിലായിരിക്കും ചിത്രരചനാമത്സരം. ചിത്രരചനയിൽ പങ്കെടുക്കുന്നവർ ബ്രഷ്, ചായം എന്നിവ കൊണ്ടുവരേണ്ടതാണ്. പേപ്പർ അക്കാദമി നൽകും. പ്രശസ്തനായ ഒരു എഴുത്തുകാരന്റെ ജീവിതവും കൃതികളും ദൃശ്യാവിഷ്കാരത്തിലൂടെ സമഗ്രമായി പരിചയപ്പെടുത്തുന്ന 'പകർന്നാട്ടം' കോളേജ് തലത്തിൽ മാത്രമായിരിക്കും നടത്തുക. പൊതുജനങ്ങൾക്കായി സംഘടിപ്പിക്കുന്ന സാഹിത്യക്വിസിൽ(വ്യക്തിഗതം) പ്രായഭേദമെന്യേ എല്ലാവർക്കും പങ്കെടുക്കാം. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകും.

**മത്സരങ്ങളുടെ തീയതിയും സമയവും:** **കാവ്യകേളിമത്സരം** (ഏപ്രിൽ 2 ഞായർ 10 മണി), **ചിത്രരചനാമത്സരം** (ഏപ്രിൽ 2 ഞായർ 2 മണി), **ലളിതഗാനമത്സരം** (ഏപ്രിൽ 3 തിങ്കൾ 10 മണി), **കവിതാലാപനമത്സരം** (ഏപ്രിൽ 4 ചൊവ്വ 10 മണി), **പ്രസംഗമത്സരം** (ഏപ്രിൽ 5 ബുധൻ 10 മണി), **സാഹിത്യക്വിസ്** (ഏപ്രിൽ 6 വ്യാഴം 10 മണി), **പകർന്നാട്ടം** (ഏപ്രിൽ 7 വെള്ളി 10 മണി), **പകർന്നാട്ടം**(ഏപ്രിൽ 8 ശനി 10 മണി), **അക്ഷരശ്ലോകസദസ്സ്** (ഏപ്രിൽ 9 ഞായർ 10 മണി-മത്സരമല്ല), **പൊതുജനസാഹിത്യക്വിസ്** (ഏപ്രിൽ 9 ഞായർ 2 മണി)

പങ്കെടുക്കാനാഗ്രഹിക്കുന്നവരുടെ അപേക്ഷകൾ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രവും ഫോൺ നമ്പറും സഹിതം **2017മാർച്ച് 27-നകം അക്കാദമി ആപ്പീസിൽ ലഭിച്ചിരിക്കണം.** അപേക്ഷകൾ അക്കാദമി വെബ്സൈറ്റിൽ (www.keralasahityaakademi.org) ലഭ്യമാണ്. **വിലാസം: സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശൂർ 680 020.** കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടാനുള്ള ഫോൺ നമ്പറുകൾ: 0487 2331069, 9349020090, 9496897692

ചിത്രരചന മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്നവർക്ക് ട്രോഫികൾ നൽകും.വ്യക്തിഗത വിഭാഗങ്ങളിൽ 3,000/-, 2,000/-, 1,000/- രൂപ ക്യാഷ് അവാർഡും പുസ്തകങ്ങളും സാക്ഷ്യപത്രവും, സാഹിത്യക്വിസ്സിന് 5,000/-, 3,000/-, 2,000/- ക്യാഷ് അവാർഡും സാക്ഷ്യപത്രവും, പകർന്നാട്ടം മത്സരത്തിന് 7,000/, 5,000/-, 3,000/-രൂപ ക്യാഷ് അവാർഡും സാക്ഷ്യപത്രവുമായിരിക്കും സമ്മാനം. ചിത്രരചനയ്ക്കും പകർന്നാട്ടത്തിനും ഒഴികെ എല്ലാ വിഭാഗത്തിലും 50 രൂപ രജിസ്ട്രേഷൻ ഫീ മത്സരത്തിന് മുമ്പ് കൗണ്ടറിൽ അടക്കേണ്ടതാണ്.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

national book festival
ദേശീയ പുസ്തകോത്സവം
APRIL 1-10 ● KERALA SAHITYA AKADEMI CAMPUS, THRISSUR

Organised by
Kerala Sahitya Akademi

Phone Office & Fax 2331069, 9496897692 ● E.mail: keralasahityaakademi@gmail.com ● Website:www keralasahityaakademi.org.

# സാഹിത്യോത്സവം 2017

## അപേക്ഷ

**കാവ്യകേളിമത്സരം**
ഏപ്രിൽ 2 ഞായർ
രാവിലെ 10 മണി

(സ്കൂൾ തലം, കോളേജ് തലം)

| പേര് | ക്ലാസ് | വിലാസം | ഒപ്പ് |
|---|---|---|---|
| | | | |

**ചിത്രരചനാമത്സരം**
ഏപ്രിൽ 2 ഞായർ
ഉച്ചതിരിഞ്ഞ് 2 മണി

സമയം: 2 മണിക്കൂർ. നഴ്സറി, എൽ.പി.(9 വയസ്സുവരെ), യു.പി. (10 മുതൽ 12 വരെ), ഹൈസ്കൂൾ (13–15), ഹയർ സെക്കണ്ടറി (16–17)തലങ്ങളിലായിരിക്കും ചിത്രരചനാമത്സരം. ബ്രഷും പെയ്ന്റും മറ്റുപകരണങ്ങളും മത്സരാർത്ഥികൾ കൊണ്ടുവരണം. വരയ്ക്കാനുള്ള കടലാസ്സ് നൽകുന്നതാണ്.

| പേര് | ക്ലാസ് | വിലാസം | ഒപ്പ് |
|---|---|---|---|
| | | | |

**ലളിതഗാനമത്സരം**
ഏപ്രിൽ 3 തിങ്കൾ
രാവിലെ 10 മണി

സമയം 5 മിനിറ്റ്. (സ്കൂൾ തലം, കോളേജ് തലം)

| പേര് | ക്ലാസ് | വിലാസം | ഒപ്പ് |
|---|---|---|---|
| | | | |

**കവിതാലാപനമത്സരം**
ഏപ്രിൽ 4 ചൊവ്വ
രാവിലെ 10 മണി

സമയം 10 മിനിറ്റ്. (സ്കൂൾ തലം, കോളേജ് തലം)

| പേര് | ക്ലാസ് | വിലാസം | ഒപ്പ് |
|---|---|---|---|
| | | | |

**പ്രസംഗമത്സരം**
ഏപ്രിൽ 5 ബുധൻ
രാവിലെ 10 മണി

സമയം 5 മിനിറ്റ്. (സ്കൂൾ തലം, കോളേജ് തലം)

| പേര് | ക്ലാസ് | വിലാസം | ഒപ്പ് |
|---|---|---|---|
| | | | |

**സാഹിത്യക്വിസ് മത്സരം**
ഏപ്രിൽ 6 വ്യാഴം
രാവിലെ 10 മണി

ഒരു കോളേജിൽനിന്ന് രണ്ടു പ്രതിനിധികളടങ്ങുന്ന ഒരു ടീമിനാണ് പ്രവേശനം നൽകുന്നത്. വിഷയം: മലയാള സാഹിത്യം-സംസ്കാരം, ഭാരതീയ സാഹിത്യം, ലോകസാഹിത്യം. മത്സരത്തിന് രണ്ടു ഘട്ടങ്ങളുണ്ട്. 1.പ്രാഥമികം (ചോദ്യാവലി നൽകി റാങ്ക് അടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പ്. 2. ഫൈനൽ (മത്സരം)

| പേര് | ക്ലാസ് | വിലാസം | ഒപ്പ് |
|---|---|---|---|
| | | | |
| | | | |

**പകർന്നാട്ടം**
ഏപ്രിൽ 7 വെള്ളി
ഏപ്രിൽ 8 ശനി
രാവിലെ 10 മണി

സമയം 45 മിനിറ്റ്.കോളേജ് തലം മാത്രം. പ്രശസ്തനായ ഒരു എഴുത്തുകാരന്റെ ജീവിതവും കൃതികളും ദൃശ്യാവിഷ്കാരത്തിലൂടെ സമഗ്രമായി പരിചയപ്പെടുത്തുക. എഴുത്തുകാരന്റെ പ്രധാനപ്പെട്ട കൃതികളുടെ അവതരണം, കഥാപാത്രങ്ങളുടെ രംഗപ്രവേശം, രചനകളുടെ ആഖ്യാനം എന്നിങ്ങനെ സാധ്യമായ ഏതു സങ്കേതവും ഉപയോഗിക്കാം. രംഗസജ്ജീകരണം, അഭിനയം, മേക്കപ്പ്, സംഗീതം, സ്കിറ്റുകൾ, ഓഡിയോ തുടങ്ങി ആധുനികസാങ്കേതികവിദ്യകൾ കൂടി ഉപയോഗിച്ചുള്ള രംഗാവതരണം നടത്താൻ സ്വാതന്ത്ര്യമുണ്ട്. അവതരിപ്പിക്കുന്ന മുഖ്യമീഡിയം മലയാളമായിരിക്കണം. സമയപരിധി മൂലം ഏപ്രിൽ 7 ന് തീർന്നില്ലെങ്കിൽ 8 നു കൂടി മത്സരം നടത്തുന്നതാണ്.

| പേര് | ക്ലാസ് | വിലാസം | ഒപ്പ് |
|---|---|---|---|
| | | | |

*സ്ഥലം:.............................*

*തിയ്യതി: .........................*

*സ്ഥാപനത്തിന്റെ മേധാവിയുടെ ഒപ്പ്*

*ഓഫീസ് സീൽ*

**പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം ഇതോടൊപ്പം ഹാജരാക്കണം.**

ചിത്രരചന, പകർന്നാട്ടം ഒഴികെയുള്ള മത്സരങ്ങൾക്കുള്ള പ്രവേശനഫീസ് 50/-രൂപ മത്സരം തുടങ്ങുന്നതിന് മുമ്പ് രജിസ്ട്രേഷൻകൗണ്ടറിൽ അടയ്ക്കേണ്ടതാണ്. പകർന്നാട്ടമത്സരത്തിൽ പങ്കെടുക്കുന്നവരുടെ പൂർണ്ണമായ ലിസ്റ്റ് അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.